# പുത്രന്റെ സ്നാനം

## എഡി ക്ലോയെർ

സ്നാനം കർശനമായും ഒരു പുതിയ നിയമ പരിശീലനം ആണ്.[1] യോഹന്നാൻ സ്നാപകൻ നടത്തിവന്ന സ്നാനം യെഹൂദന്മാർക്കുണ്ടായിരുന്നതും അതു മാനസാന്തരപ്പെട്ടു പാപമോചനത്തിനായി സ്വീകരിക്കയും വേണമായിരുന്നു. യേശുവിന്റെ സ്നാനം, അവന്റെ ജനനം പോലെ, ഒഴികഴിവുള്ളതായിരുന്നു പ്രത്യേകിതയുള്ളതായിരുന്നു. അതു മറ്റു വിഭാഗങ്ങളിൽ നിന്നു വ്യത്യസ്തമാണ്.

അവനു മുപ്പതു വയസ്സായപ്പോൾ (ലൂക്കൊസ് 3:23),[2] യേശു ഏതാണ്ട് അറുപതു മൈൽ യാത്രചെയ്തു (നസ്രേത്തിൽ നിന്നു; മർക്കൊസ് 1:9) ബേഥാന്യയിലേക്ക് (യോഹന്നാൻ 1:28)[3] യോഹന്നാൻ സ്നാനം ഏല്ക്കുവാൻ.[4] ആയിരക്കണക്കിനു ആളുകൾ യോഹന്നാനെ കേട്ടു സ്നാനം ഏല്ക്കുവാൻ ചെന്നവരോടുകൂടെ യേശുവും ചെന്നു. ഒരു പക്ഷെ ആളുകൾ ലൈൻ ആയിപോയിരിക്കാം, യോർദ്ദാനിലേക്കു യോഹന്നാന്റെ സ്നാനം ഏല്ക്കുവാൻ പോയത്. യോഹന്നാൻ തലപൊക്കി നോക്കിയപ്പോൾ, അടുത്തത് യേശു ആയിരുന്നു. അവൻ ആദഗ്യം അതിശയവും മടിയുമായിരുന്നു, എങ്കിലും അവൻ യോഹന്നാൻ സ്നാനം ഏറ്റു. സ്നാനരംഗം വ്യാപകമായ ദൈവികത്വത്തെയാണ് ചിത്രീകരിക്കുന്നത്: ദൈവം സ്വർഗ്ഗത്തിൽ നിന്നു, യേശു സ്നാനം ഏറ്റപ്പോൾ, സംസാരിച്ചു, പരിശുദ്ധാത്മാവു പ്രാവു എന്നപോലെ ഇറങ്ങി വന്നു.

യേശുവിന്റെ സ്നാനത്തെക്കുറിച്ചു ആത്മവു മൂന്നു വിവരങ്ങൾ നല്കുന്നുണ്ട്, അതിൽ മത്തായിയുടെ വിവരണം മുഴുവനും അടങ്ങിയിരുന്നു:

> അനന്തരം യേശു യോഹന്നാൻ സ്നാനം ഏല്ക്കുവാൻ, ഗലീലയിൽ നിന്നു യോർദ്ദാൻകരെ അവന്റെ അടുക്കൽ വന്നു.യോഹന്നാനോ അവനെ വിലക്കി, "നിന്നാൽ സ്നാനം ഏല്ക്കുവാൻ എനിക്കു ആവശ്യം, പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ?" എന്നു പറഞ്ഞു, യേശു അവനോട് "ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം" എന്നു പറഞ്ഞു; എന്നാൽ അവൻ അവനെ സമ്മതിച്ചു. യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ

> വരുന്നതു അവൻ കണ്ടു; "ഇവർ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരുന്നു," എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി (മത്തായി 3:13–17; കൂടാതെ മർക്കൊസ് 1:9–11; ലൂക്കൊസ് 3:21, 22).

യേശുവിന്റെ പരസ്യ പ്രവർത്തനങ്ങൾക്കുള്ള മനോഹരമായ ആമുഖമായിത്തീരുന്ന നാലു നിർണ്ണായക നിമിഷമായിരുന്നു ആ സ്നാനം. യേശു സ്നാനം ഏറ്റപ്പോൾ, ഏതാണ്ട് പതിനെട്ടു വർഷത്തെ നിശബ്ദതക്കു ഭംഗം നേരിട്ടു. രണ്ടാമത്, ആത്മാവു പ്രാവെന്നപോൽ അവന്മേൽ ഇറങ്ങി (മത്തായി 3:16). സ്പഷ്ടമായും ഈ സമയത്തായിരുന്നു യേശുവിൽ പരിശുദ്ധാത്മാവു അളവു കൂടാതെ വന്നത് (ലൂക്കൊസ് 3:22; 4:1; 1:15). മൂന്നാമതു, യേശു പിതാവിനാൽ അംഗീകരിക്കപ്പെട്ടു (മത്തായി 3:17). യേശു തന്റെ പുത്രനാണെന്നും അവനിൽ താൻ പ്രസാദിക്കുന്നു എന്നും പിതാവു പറഞ്ഞു. നാലാമതു, യേശു മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെട്ടു (മത്തായി 4:1–11). ജെ.ഡബ്ലിയു.മൈക്ഗാർവേ എഴുതി, "അവൻ പരീക്ഷിക്കപ്പെടുന്നതു ഉചിതമായിരുന്നു, അവൻ സംഹീനതയോടെ തന്റെ സ്വഭാവം നമുക്കു കാണിച്ചു തരികയും പരീക്ഷണവും നമുക്കു പങ്കിടുന്ന സ്വഭാവം അതിന്റെ ശക്തിയോടും പാപമില്ലായ്മയോടും കൂടെ ആയിരുന്നു."[5]

മശിഹാക്കു വഴി ഒരുക്കുവാൻ ദൈവം അയച്ച പ്രവാചകൻ ആയിരുന്നു. യോഹന്നാൻ പഴയ നിയമത്തെയും പുതിയ നിയമത്തെയും, തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി അവന്നു രണ്ടു ദൗത്യങ്ങളാണ് ഉണ്ടായിരുന്നത്: (1) ക്രിസ്തുവിനു വേണ്ടിയും അവന്റെ വരുവാനിരിക്കുന്ന രാജ്യത്തിനു വേണ്ടിയും ആളുകളെ ഒരുക്കുന്നതിനും (യെഹൂദന്മാരെ) (2) മശിഹയെ തിരിച്ചറിയേണ്ടതിനും ആയിരുന്നു (യോഹന്നാൻ 1:23, 31–34).

**യോഹന്നാന്റെ സ്നാനം എന്തായിരുന്നു?**

കാത്തിരുപ്പിന്റെ സ്നാനം ആയിരുന്നു യോഹന്നാന്റേത്. അതു യേശുവിന്റെ വരവിനായി മുൻപോട്ട് നോക്കുന്നതായിരുന്നു (പ്രവൃത്തികൾ 19:4). ക്രിസ്തു വരുമ്പോൾ അവനെ സ്വീകരിക്കാമെന്ന ഉറപ്പിന്മേലായിരുന്നു ആളുകൾ അന്നു സ്നാനം ഏറ്റത്. യോഹന്നാൻ തനിക്കായിട്ടല്ല, മശിഹാക്കായിട്ടത്രേ ശിഷ്യന്മാരെ ഉണ്ടാക്കിയത് (മത്തായി 3:11).

യോഹന്നാന്റെ സ്നാനം മാനസ്സാന്തര സ്നാനം കൂടെ ആയിരുന്നു (പ്രവൃത്തികൾ 19:4). അവന്റെ സ്നാനത്തിന്റെ പൊതുവായ ഉദ്ദേശം മാനസ്സാന്തരത്തിലേക്കു ആളുകളെ നയിക്കുക എന്നായിരുന്നു. ആളുകളുടെ ഹൃദയങ്ങളെ നീതിയിലേക്കു തിരിച്ചു കൊണ്ട് യോഹന്നാൻ യേശുവിനു വഴി ഒരുക്കുകയായിരുന്നു. അതു പുതിയ ഒരു തരം മാനസ്സാന്തരം ആയിരുന്നു, അതിനു മുൻപു മാനസ്സാന്തരം ഭൗതികമായ അനുഗ്രഹങ്ങൾക്കായിരുന്നു; വരുവാനിരിക്കുന്ന മശിഹക്കും അവന്റെ രാജ്യത്തിനുമായി മാനസ്സാന്തരപ്പെടാനായിരുന്നു യോഹന്നാൻ ശ്രമിച്ചത്.

അടുത്തത്, അതൊരു പാപമോചന സ്നാനവുമായിരുന്നു (മർക്കൊസ് 1:4). ഈ സ്നാനം – പാപമോചനത്തിനായുള്ള ജലസ്നാനം – ബൈബിളിൽ പുതി നിയമത്തിൽ കല്പിച്ചിട്ടുള്ള ഏക സ്നാനം ആണ്. യേശുവന്റെ രക്തം പുറകോട്ടും മുൻപോട്ടും എത്തുന്നതാണ്.

യോഹന്നാന്റെ സ്നാനം അനുസരണ സ്നാനമായിരുന്നു (ലൂക്കൊസ് 7:30). യോഹന്നാന്റെ സ്നാനത്തെ തള്ളിക്കളയുവാൻ, ദൈവത്തിന്റെ ആലോചനയെയാണ് തള്ളിക്കളയുന്നത്. ദൈവ നീതിയുടെ ഭാഗമായിരുന്നു അവന്റെ സ്നാനം.

## എന്തുകൊണ്ട് യേശു യോഹന്നാനാൽ സ്നാനം ഏറ്റു?

### ഒരു നിഷേധ വീക്ഷണം

യേശു എന്തിനാണ് സ്നാനം ഏറ്റത് എന്നതിന്റെ കാരണങ്ങൾ, നാം കണ്ടെത്തുമ്പോൾ ആദ്യമായി നമുക്കു നഷേധവശം ആദ്യം നോക്കാം. യേശുവന്നു മാനസ്സാന്തരം ആവശ്യമായിരുന്നില്ല. തന്റെ ഭൗമിക ജീവിതം മുഴുവൻ അവൻ പാപമില്ലാതെ ജീവിച്ചു. എബ്രായർ 4:15 പറയുന്നു, "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹാതപം കാണിപ്പാൻ കഴിയാത്തവനല്ല, പാപം ഒഴികെ, സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്" അവൻ തികച്ചും നീതിമാനായിരുന്നു, വീണ്ടും നീതിയുടെ ആവശ്യമില്ലായിരുന്നു.

രണ്ടാമത്, യേശുവിനു പാപമോചനം ആവശ്യമില്ലായിരുന്നു. "പാപമോചനത്തിൽ" പാപത്തിന്റെ കുറ്റം അടങ്ങിയിട്ടുണ്ട്. ഒരിക്കലും പാപം ചെയ്യാത്തതുകൊണ്ട്, യേശുവിനു നീക്കേണ്ടതായ കുറ്റം ഒന്നുമില്ലായിരുന്നു.

മൂന്നാമത്, പൗരോഹിത്യ പദവിയുടെ പ്രതിഷ്ഠക്കും ആയിരുന്നില്ല അവൻ അതു ചെയ്തത്. ഭൂമിയിൽ ആയിരുന്നപ്പോൾ അവൻ പുരോഹിതനുമായിരുന്നില്ല. അവന്റെ കാര്യത്തിൽ ദൈവം ഒഴികഴിവു നടത്തി നമ്മുടെ സ്വർഗ്ഗീയ മഹാപുരോഹിതനാക്കി വെച്ചു.

നാലാമത്, അവനിൽ ദൈവകത്വം വരേണ്ടതിനും ആയിരുന്നില്ല അവൻ അതു ചെയ്തത്. അവൻ ആരംഭം മുതൽ ദൈവം ആയിരുന്നു (മത്തായി 1:23). സ്നാനം അവനെ ദൈവം ആക്കിയതല്ല.

### ഒരു ക്രിയാത്മക വീക്ഷണം

ഇനി നമുക്കു യേശുവിന്റെ സ്നാനത്തെ ക്രിയാത്മകമായി നോക്കാം. എന്തുകൊണ്ടാണ് അവൻ യോഹന്നാനാൽ സനാനം ഏറ്റത് എന്ന് യേശു പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ''സകല നീതിയും നിവർത്തീകരിക്കേണ്ടതിനു" (മത്തായി 3:15). അവന്റെ സ്നാ – നം ഒരു നിവർത്തീകരണം ആയിരുന്നു. യോഹന്നാനാൽ സ്നാനം ഏല്ക്കുമ്പോൾ, ദൈവനീതി നിറവേറും "ദൈവത്തിന്റെ എല്ലാ കല്പനകളും അനുസരിച്ചു നടത്തുക എന്നതായിരിക്കണം" "നീതി" എന്നത് നാം വായിക്കുന്നു, "... നിന്റെ കല്പനകൾ ഒക്കെയും നീതി"

(സങ്കീർത്തനങ്ങൾ 119:172); ''ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു" (ലൂക്കൊസ് 1:6). യേശു പിന്നീടു ചോദിച്ചു, "യോഹന്നാന്റെ സ്നാനം എവിടെ നിന്ന്? സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ?" (മത്തായി 21:25). അവൻ യോഹന്നാനാൽ സ്നാം ഏല്ക്കുന്നതു ദൈവേഷ്ടം ആയിരുന്നു (യോഹന്നാൻ 6:38) അതുകൊണ്ടു, യോഹന്നാന്റെ സ്നാനത്തിനു അവൻ കീഴ്പ്പെട്ടതിനാൽ, ദൈവേഷ്ടത്തിനു കീഴ്പ്പെടുകയായിരുന്നു.

തന്റെ സ്നാന കാരണം യേസു വ്യക്തമാക്കിയ ഒന്നല്ലാതെ സുവിശേഷങ്ങളിൽ മറ്റൊന്നു കാണുന്നില്ല, അവന്റെ സ്നാനത്തിൽ പല പ്രധാനപ്പെട്ട കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. ആദ്യം, അതിൽ *അംഗീകാരം* ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ പ്രവാചകൻ ആയിരുന്ന, യോഹന്നാന്റെ സ്നാനം ഏറ്റതു യോഹന്നാന്റെ സ്നാനത്തിന്റെ ഉത്ഭവത്തെ കുറിക്കുന്നു. അതു ദൈവത്തിൽ നിന്നായിരുന്നു. അതു യോഹന്നാന്റെ സ്നാനത്തിന്റെ ഉദ്ദേശത്തെ വെളിപ്പെടുത്തുന്നു യേശുവിന്റെ പരസ്യ ശുശ്രൂഷക്കു മുൻപ് അകാലത്തേക്കുള്ള ദൈവ പദ്ധതിയുടെ ഭാഗമായിരുന്നു യോഹന്നാന്റെ സ്നാനം.

രണ്ടാമതു, യേശുവിന്റെ സ്നാനം, *തുടക്കം* ഉൾപ്പെടുന്നതാണ്. അവന്റെ സ്നാനത്തിൽ, യേശുവിനെ മശിഹയായി അംഗീകരിച്ചു. അവന്റെ സ്നാനത്തെ തുടർന്നു പരിശുദ്ധാത്മാവു, പ്രാവെന്നപോലെ അവനിൽ വന്നിറങ്ങി, ആ സമയം മുതൽ യോഹന്നാൻ അവനെ മശിഹയായി എടുത്തു കാണിച്ചു (യോഹന്നാൻ 1:32–34; 1:35, 36). അവന്റെ സ്നാനത്തിൽ, യേശുവിനെ പിതാവു ഏറ്റുപറഞ്ഞു. ഇനിമുതൽ അവൻ തന്റെ നസ്രേത്തിലെ ശാന്തമായ ജീവിതം പുറകിൽ വിട്ടു. സ്നാനശേഷം യേശു പിശാചിനാൽ പരീക്ഷിക്കപ്പെടേണ്ടതിന്നു മരുഭൂമിയിലേക്കു പോയി, പരീക്ഷണശേഷം, അവൻ തന്റെ പരസ്യ ശുശ്രൂഷയിലേക്കു പ്രവേശിച്ചു.

## യേശുവിന്റെ സ്നാനത്തിൽ നിന്നു നാം എന്തു പാഠമാണ് പഠിക്കുന്നത്?

യോഹന്നാന്റെ സ്നാനത്തെ ഉപദേശിക്കുന്നതായിരുന്നില്ല യേശുവിന്റെ സ്നാനം. പലരും പറഞ്ഞിട്ടുള്ളത്, "എനിക്കു യേശുവിനെ പോലെ സ്നാനം ഏല്ക്കണം എന്നുണ്ട്." "യേശുവിനെ പോലെ" തന്നെ സ്നാനമേല്ക്കുവാൻ സാധ്യമല്ല, എന്നതു തീർച്ചയാണ്. "യോഹന്നാന്റെ സ്നാനം ഒരു പ്രത്യേക കാലത്തേക്ക്,'' പ്രത്യേക ആളുകൾക്കു വേണ്ടിയായിരുന്നു. അവന്റെ സ്നാനം ഇന്നു പ്രാബല്യത്തിലില്ല (പ്രവൃത്തികൾ 19:1–5). സകല നീതിയും നിവൃത്തിയാകേണ്ടതിനാണ്, പാപമില്ലാത്ത, യേശു സ്നാനം ഏറ്റത് ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചതുകൊണ്ടാണ് യേശു ന്യായപ്രമാണം അനുസരിച്ചത്. ദൈവത്തെ അനുസരിക്കേണ്ടതിനു, അവൻ ന്യായ പ്രമാണം അനുസരിക്കേണ്ടിയിരുന്നു. എങ്ങനെയായാ ലും, ഇന്നു നാം ന്യായപ്രമാണം അനുസരിക്കുന്നതു ദൈവേഷ്ടം അല്ല, എന്നാൽ

യേശുവിന്റെ അതേ കാരണത്താൽ നമുക്കു ദൈവത്തെ അനുസരിക്കാം. നാം ചോദിക്കണം, "യേശു പിതാവിന്റെ ഇഷ്ടം അനുസരിച്ചതുപോലെ, ഞാൻ ഇന്നു അനുസരിക്കേണ്ട ദൈവേഷ്ടം എന്താണ്?"

അനുസരണ പാഠമാണ് യേശുവിന്റെ സ്നാനം നമ്മെ പഠിപ്പിക്കുന്നത്.[6] പിതാവിന്റെ ഇഷ്ടമായിരുന്നു അവൻ യോഹന്നാനാൽ സനാനം ഏല്ക്കണം എന്നത്. പിതാവിന്റെ ഇഷ്ടം ആയിരുന്നതുകൊണ്ടാണ് യേശു സന്തോഷത്തോടെ സ്നാനം ഏറ്റത്. ദൈവേഷ്ടത്തിനു ഒരാൾ സമർപ്പിക്കപ്പെടാതെ അവനെ പിൻപറ്റുന്നു എന്നു ഒരാൾക്കു പറയുവാൻ സാധ്യമല്ല. അതിഭാവുകത്വ എല്ലായ്പോഴും കീഴ്പ്പെടൽ അല്ല. മഹത്തായ ആജ്ഞയിലെ, സ്നായനത്തിനു നാം നമ്മെ കീഴ്പ്പെട്ടില്ലെങ്കിൽ നാം ദൈവത്തിനു കീഴ്പ്പെട്ടിട്ടില്ല (മത്തായി 28:19, 20)

താഴ്മ എന്ന പാഠവും യേശുവിന്റെ സ്നാനം നമ്മെ പഠിപ്പിക്കുന്നുണ്ട്. പാപി പാപമില്ലാത്തവനെ സ്നാനപ്പെടുത്തി. താഴ്ന്നവൻ ഉയർന്നവനെ സ്നാനപ്പെടുത്തി (മത്തായി 3:13–17). താഴ്മ എന്നാൽ "നമ്മേക്കാൾ വലുതായതിൽ നമ്മെത്തന്നെ നഷ്ടമാക്കുക" എന്നതാണർത്ഥം. തന്റെ രൂപത്തേക്കാൾ വലുതായി യേശു പതാവിന്റെ ഇഷ്ടത്തെ കരുതി. യേശു അനുസരണം പഠിച്ചു (എബ്രായർ 5:8, 9).

ഇതിനു പുറമെ, അനുസരണം പിതാവിനെ പ്രസാദിപ്പിക്കുന്നു എന്നു പാഠം അവന്റെ സ്നാനം നമ്മെ പഠിപ്പിക്കുന്നു. അവന്റെ സ്നാനശേഷം, ദൈവം തന്റെ പ്രത്യേക പുത്രനെ പരസ്യമായ രീതിയിൽ അംഗീകരിച്ചു. അവൻ അവനിൽ പ്രസാദിക്കുക മാത്രമല്ല, നന്നായി പ്രസാദിച്ചു. നാം എങ്ങനെ നമ്മുടെ പിതാവിനെ പ്രസാദിപ്പിക്കും? അതിനുള്ള വ്യക്തമായ ഉത്തരം അനുസരണത്തിലൂടെ എന്നാണ്. തിരുവെഴുത്തിൽ മൂന്നു പ്രാവശ്യം, ദൈവം സ്വർഗ്ഗത്തിൽ നിന്നു യേശുവിനെ സാക്ഷ്യപ്പെടുത്തിയതായി പറയുന്നു: അവന്റെ സ്നാനത്തിൽ, മറുരൂപസമയത്തിലും (മത്തായി 17:5), യോഹന്നാൻ 12:28–30 ലും.

### യേശുവിന്റെ കാലടികൾ പിൻപറ്റുക എന്നാൽ എന്താണർത്ഥം?

പിതാവിന്റെ ഇഷ്ടം ചെയ്യുവാനാണ് യേശു വന്നത്. യേശുവിന്റെ ജീവിതത്തിൽ സ്നാനം, പരീക്ഷണം, ക്രൂശിലെ മരണം എന്നിവ ദൈവേഷ്ടമായിരുന്നു. നമുക്കു ദൈവേഷ്ടം എന്നാൽ എന്താണ്? ഒന്ന്, മഹത്തായ ആജ്ഞയിലെ സ്നാനം ആണ് (മർക്കൊസ് 16:15). എങ്ങനെ എന്നു കാണിച്ചു കൊണ്ട് യേശു ദൈവേഷ്ടം ചെയ്യുവാൻ നമ്മെ വിളിക്കുകയാണ്. യേശുവിന്റെ കാലടികളെ പിൻപറ്റുക എന്നാൽ ദൈവേഷ്ടം ചെയ്യുക എന്നാണ്. യോഹന്നാന്റെ സ്നാനം യേശു ഗൗരമായി കണ്ടെങ്കിൽ, അതിനേക്കാൾ ശ്രേഷ്ഠമായ മഹത്തായ ആജ്ഞയിലെ സ്നാനത്തെ, നാം എങ്ങനെ കാണേണ്ടവരാണ്?[7]

## കുറിപ്പുകൾ

[1]"പ്രൊസെലൈറ്റ് ബാപ്റ്റിസം എന്നാൽ യെഹൂദനല്ലാത്ത ഒരാൾ യെഹൂദനാകുവാൻ എടുക്കുന്നതാണ്, പാപമോചനമായി അതിനു ബന്ധമില്ല. യോഹന്നാന്റെ സ്നാനം ബാധകമായിരുന്നതു യെഹൂദന്മാരായവർക്കായിരുന്നു, അവരെ വിശ്വാസത്തിലേക്കു കൊണ്ടു വരുവാനായിരുന്നില്ല. സാക്ഷികളുടെ മുൻപാകെയാണ് മാർഗ്ഗം കൂടിയവർ സ്നാനം സ്വയമായിട്ടാണ് ഏറ്റിരുന്നത്; എന്നാൽ യോഹന്നാന്റെ സ്നാനത്തിനു ഒരു നടത്തിപ്പുകാരൻ വേണമായിരുന്നു. പ്രൊസലൈറ്റ് സ്നാനം പഴയ നിയമത്തിനു പരിശീലന അന്യമായിരുന്നു. ആയിരിക്കാം – എന്നാൽ തീർച്ചയില്ല – അതു യോഹന്നാന്റെ കാലത്തിനു മുൻപു പരിശീലിച്ചിരുന്നു. ഈ പരിശീലത്തെക്കുറിച്ചു ഫിലൊയും ജോസെഫസും നിശബ്ദരായിരുന്നു. യെരുശലേമിൽ എ.ഡി. 70 ലെ വീഴ്ച്ചാ സമയത്തു ഷമ്മായിയും ഹില്ലാലും എന്ന പാഠശാലകൾ തമ്മിൽ ഇതിനെ സംബന്ധിച്ചു വിപരീത നിലപാടുകൾ എടുത്തിരുന്നു എന്നതാണ് നമുക്കുള്ള ആരംഭ തെളിവു (പ്രാസ് ഓവർ 8:8) ആ സമയത്തു ഈ പരിശീലനം നിലവിലുണ്ടായിരുന്നു എന്നു തോന്നുന്നു, എന്നാൽ അതു ആരംഭിച്ച തീയ്യതി മറഞ്ഞു കിടന്നിരുന്നു" (ജാക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡ്ങ് ടു മാത്യു, പാർട് 1,* ലിവിങ്ങ് വേഡ് കമെന്ററി, എഡി. എവറെറ്റ് ഫെർഗൂസൻ [അസ്റ്റിൻ, ടെക്സാസ്: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി, 1976], 62). [2]സ്നാനമേൽക്കുവാൻ മുപ്പതു വയസ്സുവരെ കാത്തിരിക്കണം എന്നു ഇതു തീർച്ചയായും അർത്ഥമാക്കുന്നില്ല. പന്ത്രണ്ടു വയസ്സിൽ പോലും യേശു ദൈവേഷ്ടം ബോധ്യപ്പെട്ടവനായിരുന്നു (ലൂക്കൊസ് 2:41–49). യോഹന്നാൻ അതിവേഗം തന്റെ പ്രവർത്തനം തുടങ്ങിയിരുന്നെങ്കിൽ, യേശു വേഗം തന്നെ സ്നാനം ഏല്ക്കുമായിരുന്നു. [3]ആർ എസ് വിയിൽ ബേഥാന്യ എന്നും, കെ ജെ വിയിൽ ബെഥാബാറ എന്നുള്ളത്. [4]പുതിയ നിയമത്തിൽ ഏഴു സ്നാനങ്ങളെപ്പറ്റി പറയുന്നുണ്ട്: (1) മോശെയാലുള്ള സ്നാനം (1 കൊരിന്ത്യർ 10:2); (2) കഷ്ടത എന്ന സ്നാനം (മർക്കൊസ് 10:38, 39); (3) മരിച്ചവർക്കു വേണ്ടിയുള്ള സ്നാനം (1 കൊരിന്ത്യർ 15:29); (4) യോഹന്നാന്റെ സ്നാനം (മത്തായി 3:11); (5) തീയാലുള്ള സ്നാനം (മത്തായി 3:11); (6) യോഹന്നാന്റെ സ്നാനം (പ്രവൃത്തികൾ 19:3); (7) മഹത്തായ ആജ്ഞയിലെ സ്നാനം (മർക്കൊസ് 16:15, 16; മത്തായി 28:19, 20). [5]ജെ. ഡബ്ലിയു. മെക്ക്ഗാർവേ ആന്റ് ഫിലിപ്പ് റെവ. പെൻലെട്ടൻ, *ദ ഫോർ ഫോൾഡ് ഗോസ്പെൽ* (സിൻസിനാറ്റി, ഒഹിയോ: ദ സ്റ്റാൻഡേഡ് പബ്ലിഷിങ്ങ് ഫൗണ്ടേഷൻ, എൻ.ഡി.), 88. [6]ഒരാൾക്കു യേശുവിന്റെ സ്നാനവും നമ്മുടെ സ്നാനവും തമ്മിൽ സമാനത കണ്ടെത്താൻ കഴിയും: (1) അവൻ സ്നാനം ഏറ്റപ്പോൾ ആത്മാവു ലഭിച്ചു അതുപോലെ നമുക്കും ലഭിക്കുന്നു (പ്രവൃത്തികൾ 2:38); (2) അവൻ പ്രാർത്ഥിച്ചു കൊണ്ടാണ് സ്നാനം ഏറ്റതു, അതുപോലെ നാമും പ്രാർത്ഥിച്ചു സ്നാനം ഏല്ക്കുന്നു (പ്രവൃത്തികൾ 22:16); (3) അവൻ സ്നാനത്താൽ ദൈവ മകൻ എന്നു അംഗീകരിക്കപ്പെട്ടു, നാമും സ്നാനത്താൽ ദൈവ മക്കൾ ആകുന്നു (ഗലാത്യർ 3:26, 27). [7]കാലയളവു നോക്കിയാൽ യേശുവിന്റെ മഹത്തായ ആജ്ഞ യിലെ സ്നാനം യോഹന്നാന്റേതിൽ നിന്നു ശ്രേഷ്ഠമാണ്. യോഹന്നാന്റെ സ്നാനം ചുരുങ്ങിയ സമയത്തേക്കേ ഉണ്ടായിരുന്നുള്ളു; മഹത്തായ ആജ്ഞയിലെ സ്നാനം ക്രിസ്തീയ കാലം മുഴുവൻ നീണ്ടു നില്ക്കുന്നു. യോഹന്നാന്റെ സ്നാനം യോഹന്നാനാൽ നടത്തപ്പെട്ടു; പക്ഷെ മഹത്തായ ആജ്ഞയിലെ സ്നാനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് (മത്തായി 28:19, 20). ഏഴുകാര്യങ്ങൾ "ഒന്ന്" എന്നു പറഞ്ഞിരിക്കുന്നതിൽ മഹത്തായ ആജ്ഞയിലെ സ്നാനം ഉൾപ്പെടുത്തിയിരിക്കുന്നു (എഫെസ്യർ 4:4–6), എന്നാൽ യോഹന്നാന്റെ സ്നാനം അതിൽ ഇല്ല.

© 2009 Truth for Today